**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **05-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. കുറ്റിക്കാട്ടൂർ സബ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കുറ്റിക്കാട്ടൂർ ആസ്ഥാനമായി കെ.എസ്.ഇ.ബി. യുടെ പുതിയ സബ് സെന്റർ അനുവദിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനു കീഴിൽ കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു സബ്ബ് സെന്റർ സ്ഥാപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പുതുതായി ആരംഭിക്കുന്ന സബ് സെന്ററിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പുതുതായി അനുവദിച്ച സബ്ബ് സെന്ററിൽ, വാടക രഹിത കെട്ടിടം ലഭ്യമാക്കി, ആ പ്രദേശത്തെ വൈദ്യുതി സംബന്ധമായ പരാതികൾ സ്വീകരിക്കുവാൻ സി.യു.ജി (ക്ലോസ്ഡ് യൂസർ ഗ്രൂപ്പ്) ഫോൺ, ടി പരാതികൾ പരിഹരിക്കുന്നതിനായി ഒരു ഓവർസിയർ, രണ്ട് ലൈൻമാൻ, ഒരു വർക്കർ എന്നി ജീവനക്കാരെ വിന്യസിക്കുവാനും, വാഹന സൗകര്യം ഏർപ്പെടുത്തുവാനും അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സബ് സെന്റർ ആരംഭിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | സബ് സെന്റർ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | സബ് സെന്റർ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ